# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 7766/11/12/2024/ TVM**

പരാതികക്ഷി : ഹരീന്ദ്രൻ ആർ, സുസ്മിതാഭവൻ
മുരുക്കുംപുഴ, തിരുവനന്തപുരം,

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06.11.2025**

മംഗലാപുരം ഗ്രാമപഞ്ചായത്തിൽ വാർഡ് 17 കോഴിമട സ്ഥലത്ത് മൊബൈൽ ടവറിൻ്റെ നിർമ്മാണം തുടങ്ങുന്നതായും ആയത് പരിസരവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും എന്നും മറ്റും കാണിച്ചാണ് മുരുക്കുംപുഴ ജനകീയ സമിതിയുടെ പേരിൽ ഈ പരാതി നൽകിയിട്ടുള്ളത്.

2. പരാതി വിഷയത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ടവർ നിർമാണം തടയുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമില്ലാത്തതാണെന്നും, ജനങ്ങളുടെ പൊതുവികാരം മാനിച്ച് ടവർ നിർമ്മാണം മാറ്റി സ്ഥാപിക്കുന്നതിലേക്ക് ജില്ലാ കളക്ടർക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.11.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപംസമർപ്പിച്ചു. പരാതികക്ഷികൾക്ക് കൂടുതൽ പരാതിയുണ്ടെങ്കിൽ ജില്ലാ ടെലികോം കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ ജില്ലാ കളക്ടർക്ക് പരാതി നൽകാവുന്നതാണ്. അപ്രകാരം പരാതി ലഭിച്ചാൽ ജില്ലാ കളക്ടർ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദേശത്തോടു കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ജില്ലാ കളക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ